# കേരളസർവകലാശാല

നം.പി.ആർ.231/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (2018 അഡ്മിഷൻ റെഗുലർ & 2017 അഡ്മിഷൻ സപ്ലിമെന്ററി) മേയ് 2021 പരീക്ഷയുടെ 'LISM 58 – Dissertation and Viva-Voce' പരീക്ഷ നവംബർ 15 ന് സർവകലാശാലയുടെ പാളയത്തുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തുന്ന ബി.എസ്സി. കമ്പ്യൂട്ടർസയൻസ് (ഹിയറിംഗ് ഇംപയേർഡ്) ആന്റ് ബി.കോം. ഹിയറിംഗ് ഇംപയേർഡ് കോഴ്സുകളുടെ ആറ്, എട്ട് സെമസ്റ്ററുകളുടെ (ഒക്ടോബർ 2021) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബർ 15 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എം.സി.ജെ. (റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷകൾ നവംബർ 15 ന് ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ മാറ്റിവച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. (എഫ്.ഡി.പി.) (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2016 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 10 മുതൽ നടത്തുന്നതാണ്. പുനഃക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. (എഫ്.ഡി.പി.) ബോട്ടണി (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2016 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. ഏപ്രിൽ 2021 പരീക്ഷ കോവിഡ്-19 കാരണം എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണവകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം നവംബർ 25 ന് മുൻപ് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. ഈ പരീക്ഷയ്ക്ക് സബ്സെന്ററുകൾ ഉണ്ടായിരിക്കുന്നതല്ല.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല നവംബർ 15 ന് ആരംഭിക്കുന്ന ബി.എസ്സി. രണ്ടാം വർഷ (ആന്വൽ സ്കീം - സപ്ലിമെന്ററി) പാർട്ട് ഒന്ന്, രണ്ട് നവംബർ 2021 (ഏപ്രിൽ 2021 സെഷൻ) പരീക്ഷയ്ക്ക് തിരുവനന്തപുരം അമ്പലത്തറ നാഷണൽ കോളേജ്, കൊല്ലം എസ്.എൻ.കോളേജ്, ആലപ്പുഴ എസ്.ഡി. കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എം.ജി. കോളേജ്, ചെമ്പഴന്തി എസ്.എൻ.കോളേജ്, തിരുവനന്തപുരം ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം ഗവ. കോളേജ് ഫോർ വിമൻ, കാര്യവട്ടം എസ്.ഡി.ഇ., പെരിങ്ങമ്മല ഇക്ബാൽ കോളേജ്, ഗവ.സംസ്കൃത കോളേജ് എന്നീ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ അമ്പലത്തറ നാഷണൽ കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

കൊല്ലം എസ്.എൻ.കോളേജ്, പന്തളം എൻ.എസ്.എസ്. കോളേജ്, കായംകുളം എം.എസ്.എം. കോളേജ്, ശാസ്താംകോട്ട ഡി.ബി. കോളേജ്, അഞ്ചൽ സെന്റ്.ജോൺസ് കോളേജ് എന്നീ കോളേജുകൾ പരീക്ഷകേന്ദ്രമായി തെരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ. കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

ആലപ്പുഴ എസ്.ഡി. കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഡിസംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. 2020 സ്കീം (റെഗുലർ) ഫുൾടൈം (യു.ഐ.എം. ട്രാവൽ ആന്റ് ടൂറിസം ഉൾപ്പെടെ) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 10 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ നവംബർ 19 വരെയും 150 രൂപ പിഴയോടെ നവംബർ 23 വരെയും 400 രൂപ പിഴയോടെ നവംബർ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല കേരളപഠനവിഭാഗവും കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിക്കുന്ന ഗവേഷണത്തിന്റെ പ്രാഥമികതത്ത്വങ്ങൾ - ദശദിന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് 2021 ഡിസംബർ 1 ന് ആരംഭിക്കും. ഭാഷയിലും സാഹിത്യത്തിലും പിഎച്ച്.ഡി. ഗവേഷണത്തിന് യോഗ്യത നേടിയവർക്ക് കോഴ്സിന് അപേക്ഷിക്കാം. 40 പേർക്കാണ് പ്രവേശനം. എം.ഫിൽ. വിദ്യാർത്ഥികളെയും നെറ്റ് യോഗ്യത നേടിയ പി.ജി. വിദ്യാർത്ഥികളെയും പരിഗണിക്കും. നിലവിലെ പിഎച്ച്.ഡി. ഗവേഷകർ അപേക്ഷിക്കേണ്ടതില്ല. ബയോ-ഡാറ്റയും വകുപ്പുമേധാവിയുടെ സാക്ഷ്യപത്രവും സഹിതം അപേക്ഷ 9446370168 എന്ന നമ്പറിലേക്ക് വാട്ട്സ്ആപ്പ് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക്: ഡോ.സി.ആർ.പ്രസാദ്, അദ്ധ്യക്ഷൻ, കേരളപഠനവിഭാഗം, കേരളസർവകലാശാല, 9447552876

## സി.എ.സി.ഇ.ഇ. - കൊല്ലം ടി.കെ.എം. കോളേജിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം കൊല്ലം ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ, സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആന്റ് സാനിറ്റേഷൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്,

ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ എന്നീ കോഴ്സുകളിലേക്ക് പ്ലസ് ടു/പി.ഡി.സി. ആണ് യോഗ്യത. സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആന്റ് സാനിറ്റേഷൻ കോഴ്സിലേക്ക് എസ്.എസ്.എൽ.സി. ആണ് യോഗ്യത. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോറം നേരിട്ടോ, കോളേജ് വെബ്സൈറ്റിൽ നിന്ന് (www.tkmcas.ac.in) ഡൗൺലോഡ് ചെയ്തോ പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0474 - 2712240, 9746805470

തിരുവനന്തപുരം,
09.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**